

# ഹരിത ഭാഷാവിചാരം

ടി. ശ്രീവത്സൻ



മനുഷ്യകേന്ദ്രിതമായ ഭാഷാവഴികളിലെ
പരിസരവിരുദ്ധത തിരിച്ചറിഞ്ഞ്,
ഭാഷയുടെ
ജൈവാസ്തിത്വത്തിനായുള്ള
കരുതലോടെ,
സുസ്ഥിരഭാഷാവികസനമെന്ന
പുത്തൻ ആഹ്വാനത്തോടെ,
ഒരു നവഭാഷാപഠനം-
പരിസ്ഥിതി ഭാഷാശാസ്ത്രം
അഥവാ ഹരിതഭാഷാശാസ്ത്രം.
ആ രംഗത്തെ ആദ്യ മലയാള പുസ്തകം.


SIL / 3109

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം 695 003

വില ₹ 50

ISBN 978-81-7638-448-3

9 788176 384483


an introduction to
eco linguistics

70



മലയാളത്തിലെ
ആദ്യ
പരിസ്ഥിതി
ഭാഷാശാസ്ത്രഗ്രന്ഥം

# ഹരിത ഭാഷാവിചാരം

ടി. ശ്രീവത്സൻ

Avian Sciences & Management
LIBRARY
Thiruvazhamkunnu-678 601

1861

Avian Sciences & Management
LIBRARY
Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1861 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**Harithabashavicharam**
(Study)

Author
**T. Sreevalsan**

*First Edition* : July 2013

*Typeset at*
Sujitha Graphics, Calicut

*Printed at :*
Mattathil Printers
Changanassery

**Price ₹ 50.00**

*Published by :*
State Institute of Languages,Kerala,
Thiruvananthapuram - 3

©State Institute of Languages, Kerala
Thiruvananthapuram 2013
Copies 1000

ISBN 978-81-7638 - 448 -3

---

*Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

---

SIL 3109 FT 1921

# ഹരിതഭാഷാവിചാരം

ടി. ശ്രീവത്സൻ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

General Editor - Dr. M.R. Thampan
Editor - S. KrishnaKumar
Cover - Shyju - Guru
Proof - P.S. Shylaja

ജനറൽ എഡിറ്റർ - ഡോ. എം.ആർ. തമ്പാൻ
എഡിറ്റർ - എസ്. കൃഷ്ണകുമാർ
കവർ - ഷൈജു - ഗുരു
പ്രൂഫ് - പി.എസ്. ശൈലജ

# ആമുഖം

മലയാളത്തിനു ലഭിച്ച ക്ലാസിക് പദവി ഭൂതകാലമാഹാത്മ്യങ്ങളിൽ അഭിരമിക്കാനുള്ളതല്ല: കുറച്ചൊക്കെ അതാകാമെങ്കിലും തിരിഞ്ഞുനോട്ടത്തിനെക്കാൾ പ്രധാനം മുന്നോട്ടുനോക്കൽ തന്നെയാണ്. 'അ മലയാള'ത്തിലും പ്രസക്തി ഇന്ന് 'ഇ. മലയാള'ത്തിനാണല്ലോ. മാതൃഭാഷാരംഗവുമായി ബന്ധപ്പെട്ട ഏതു പ്രവർത്തനവും സമ്പന്ന പൈതൃകത്തെ ഉൾക്കൊള്ളുമ്പോഴും സമകാലിക വെല്ലുവിളികളെ നേരിടുന്നതുമാകണം എന്നർഥം. വർത്തമാനകാല ഭാഷാസങ്കൽപ്പനങ്ങളെ ആഴത്തിൽ അറിയാൻ ശ്രമിച്ചുകൊണ്ടുമാത്രമേ അതു സാധിക്കുകയുള്ളു. അത്തരമൊരു ലക്ഷ്യത്തിൽ നിന്നാണു ഹരിതഭാഷാവിചാരം എന്ന ഈ പുസ്തകം പിറന്നത്.

ലോകത്ത് ഇന്നു നിരവധി ഭാഷകൾ മരിച്ചുകൊണ്ടിരിക്കുകയാണ്. മലയാളത്തെ നാമിതുവരെ മരണക്കിടക്കയിൽ കിടത്തിയിട്ടില്ല. ഏതു സ്വരവ്യഞ്ജനങ്ങളിലെഴുതിയാലും ഏതു ഭാഷയിലെ പദങ്ങൾ ഉച്ചരിച്ചാലും മലയാളി കിനാവു കാണുന്നതു മാതൃമലയാളത്തിൽ തന്നെ എന്ന് ഇന്നും നമുക്കഭിമാനിക്കാം. 'ആകാശവും കാഴ്ചയുടെ ചക്രവാളവും ജലവും രുചിയുടെ ധ്രുവസീമയും ഭൂമിയും സ്പർശത്തിന്റെ മഹാമൂർച്ഛയും വായുവും ഘ്രാണശക്തിയുടെ ചുറ്റളവും അഗ്നിയും കേൾവിയുടെ തരംഗദൈർഘ്യവും മാതൃഭാഷക്കു മാത്രം സ്വന്തമെന്നു' കവി സച്ചിദാനന്ദൻ എഴുതിയതും ആ അഭിമാനത്തിനു മാറ്റു കൂട്ടുന്നു. ഇതൊക്കെ നമുക്കു പകരുന്ന പ്രത്യാശയുടെ തിരിനാളങ്ങളെങ്കിലും കെടാതെ സൂക്ഷിക്കുവാൻ ഇരുപത്തൊന്നാം നൂററാണ്ടിലെ മലയാളി ബാധ്യസ്ഥനാണ്. എന്നാൽ നമ്മുടെ പുതുതലമുറ അത്തരമൊരു ജാഗ്രത പുലർത്തുന്നുണ്ടോ എന്നതു സംശയകരമാണ്. അവർ ഉൾക്കൊള്ളേണ്ട ഒരു വസ്തുത നമ്മുടെ ഭാഷ നിലനിൽക്കണമെങ്കിൽ അതിന്റെ സാംസ്കാരികാസ്തിത്വം നിലനിൽക്കണമെന്നതാണ്. അതിനു ഭാഷയുടെ ജൈവാസ്തിത്വം നിലനിർത്തേണ്ടതുണ്ട്; ആ നാരായവേരുണങ്ങാതെ കാത്തു സൂക്ഷിക്കേണ്ടതുണ്ട്. അതിനു നമുക്കു വേണ്ടതു വ്യാകരണശാഠ്യങ്ങളല്ല, സമൂഹനിഷ്ഠഭാഷാ

പരിവർത്തനങ്ങളല്ല, നമ്മുടെ ജീവൽപ്രകൃതിയോടു കൈകോർത്തു നിൽക്കുന്ന ഭാഷാസൗഹാർദത്തിന്റെ പച്ചപ്പാണ്. അതിലൂടെ മാത്രമേ ജൈവവൈവിധ്യമെന്നതുപോലെ ഭാഷാവൈവിധ്യവും നിലനിർത്താനാകുകയുള്ളൂ. കഴിഞ്ഞ ശതകത്തിന്റെ അന്ത്യദശകത്തിൽ വേരൂന്നിയ ഇത്തരം ഹരിതഭാഷാവിചാരങ്ങളിൽനിന്നാണ് ഇരുപത്തൊന്നാം ശതകത്തിൽ പരിസ്ഥിതി ഭാഷാശാസ്ത്രം അഥവാ ഇക്കോലിംഗ്വിസ്റ്റിക്സ് പിറന്നത്. ഈ നവ ഭാഷാശാസ്ത്ര സങ്കൽപ്പനം അവതരിപ്പിച്ചുകൊണ്ടു മലയാളത്തിലുണ്ടാകുന്ന ആദ്യ പുസ്തകമാണു ടി. ശ്രീവൽസന്റെ ഹരിതഭാഷാവിചാരം.

ഭാഷയെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്ന് അതുൾക്കൊള്ളുന്ന പരിസരം അഥവാ ജൈവപ്രകൃതിയാണെന്ന എഡ്‌വേർഡ്സ് സപീറിന്റെ നിരീക്ഷണത്തിലാണു ഹരിതഭാഷാവിചാരത്തിന്റെ കന്നിപ്പൊടിപ്പു കാണുന്നത്. അത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യം. പിന്നീടത്തരം ചിന്തകൾ മുളപൊട്ടുന്നത് ആ ശതകത്തിന്റെ ഉത്തരാർധത്തിൽ മാത്രം. 1967-ൽ വീഗെലാൻഡിസിന്റെയും ഷൂട്സിന്റെയും നിരീക്ഷണങ്ങളിൽ അതു കാണാം. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോൾ എയ്നർ ഹോഗന്റെ 'ഭാഷാലോകവ്യൂഹം' എന്ന സങ്കൽപ്പനത്തിലൂടെ വീണ്ടും അതു ചർച്ചാവിഷയമായി. 1990 ൽ മൈക്കൽ ഹാലിഡേയുടെയും മാത്തിയാസ് യുങിന്റെയും നിരീക്ഷണങ്ങൾ അതിന്റെ സമകാലീന സാധ്യതയിലേക്കു വിരൽ ചൂണ്ടുകയുണ്ടായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടായപ്പോഴേക്കും ഭാഷാശാസ്ത്രരംഗത്ത് അതു സജീവമായി.

ഒറ്റവാചകത്തിൽ പറഞ്ഞാൽ മനുഷ്യകേന്ദ്രിതമായ ഭാഷാവിചാരങ്ങളായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായിരുന്നത്. അതിനു കാരണം മനുഷ്യസൃഷ്ടമായ വാഴ്ത്തപ്പെട്ട യശഃസ്തംഭങ്ങളോടുള്ള ആരാധന തന്നെ. പക്ഷേ ഇന്നതൊക്കെ തകർന്നടിയാൻ നിമിഷനേരം മതിയെന്നു നാം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു - അതിന് ഒരു കൊടുങ്കാറ്റു മതി; സുനാമിത്തിരകൾ മതി; മഹാമാരിയൊന്നു പടർന്നാൽ മതി; ഒരു ആണവോർജനിലയം തകർന്നാൽ മതി... വികസനം നമ്മെ എത്രത്തോളം ഉയർത്തുന്നുവോ അത്രത്തോളം നാം നിലംപതിക്കാവുന്ന ഉയരത്തിലേക്കെത്തി എന്നു നാം തിരിച്ചറിയേണ്ട അവസ്ഥ കൈവന്നിരിക്കുന്നു. അതുകൊണ്ടാണു പണ്ടെന്നതിലേറെ ഇന്നും പ്രസക്തമായ ഈ പഴമൊഴി നമുക്കിടയിൽ നിലനിൽക്കുന്നത് - നാടു മറന്നാലും മൂടു മറക്കരുത്. ഇതിൽ നാട് എന്നതു സംസ്കൃതിയും മൂട് എന്നതു പ്രകൃതിയുമാണ്. മൂടു മണ്ണിലാണുറച്ചിരിക്കുന്നത്. ഈ മട്ടിലുള്ള ചിന്തകൾ തന്നെയാണു പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ കാതൽ. അതിനെ 'സാമൂഹിക പ്രയോഗവും ഭാഷാപ്രയോഗവും തമ്മിലുള്ള വൈരുധ്യാത്മക ബന്ധം എന്നാണു' ഗ്രന്ഥകാരൻ വിശേഷിപ്പിച്ചിരിക്കുന്നത്. ഓരോ കർമങ്ങളെയും അർഥവത്താക്കുന്ന നൂറായിരം പരിസരഘടകങ്ങളെ ചേർത്തുവച്ചു വായിക്കുമ്പോൾ കിട്ടുന്ന അർഥപൂർണിമയാണു പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യം എന്നു സാരം.

രണ്ടു ഭാഗങ്ങളായാണു പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ഹരിതഭാഷാവിചാരത്തിന്റെ സൈദ്ധാന്തികതലം ചർച്ചചെയ്യുന്നു. രണ്ടാം ഭാഗം മലയാളസന്ദർഭത്തിൽ ഇത്തരമൊരു ഭാഷാസമീപനത്തിന്റെ സാധ്യതയും ആവശ്യകതയും സൂചിപ്പിക്കുന്നതാണ്. കേരളപാണിനീയത്തിന്റെ ഹരിതവായന, നിഘണ്ടുനിർമാണവും കടംകഥകളും പഴഞ്ചൊല്ലുകളും തുടങ്ങിയവ ഈ ഭാഗത്തു ചർച്ച ചെയ്യുന്നുണ്ട്.

ഭാഷാശാസ്ത്രരംഗത്തെ നാളിതുവരെയുള്ള നൂതനപഠനമേഖലകൾ നമ്മുടെ ഭാഷാപഠിതാക്കൾക്കും ഗവേഷകർക്കും പണ്ഡിതന്മാർക്കും പരിചയപ്പെടുത്തുക എന്നുള്ളതു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ദൗത്യം തന്നെയായി ഞങ്ങൾ കരുതുന്നു. അതു നിർവഹിക്കുന്നതിനുള്ള മികച്ച മാതൃകകളിലൊന്നായ ഈ പുസ്തകം സന്തോഷത്തോടും അഭിമാനത്തോടും ഞങ്ങൾ പ്രകാശിപ്പിക്കുന്നു.

07-07-2013
കോഴിക്കോട്

**ഡോ. എം. ആർ തമ്പാൻ**
**എസ്. കൃഷ്ണകുമാർ**

ശ്രീ. കെ.സി.നാരായണൻ താൽപ്പര്യത്തോടെ സ്വീകരിച്ച് അടുത്ത ലക്കത്തിൽത്തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു. നിഘണ്ടുനിർമാണവുമായി ബന്ധപ്പെട്ട ലേഖനത്തിന്റെ ആദ്യരൂപം മലയാളം ലെക്സിക്കൻ ഡയറക്ടർ ഡോ. സി.ജി.രാജേന്ദ്രബാബുവിന്റെ നേതൃത്വത്തിൽ നടന്ന ദേശീയസെമിനാറിലാണ് അവതരിപ്പിച്ചത്. മലയാളനിഘണ്ടുമേഖലയിലെ ജീവിച്ചിരിക്കുന്ന അതികായൻ ശ്രീ. ബി.സി. ബാലകൃഷ്ണൻ സെമിനാർ വേദിയിൽവച്ചുതന്നെ, ഈ വിഷയത്തിൽ ഒരു പുസ്തകം എഴുതണമെന്നു നിർദേശിച്ചതു നിറുകയിൽ കൈവച്ചുള്ള അനുഗ്രഹമായാണ് അനുഭവപ്പെട്ടത്. ഗുരു എന്ന വാക്കിന്റെ ഗൗരവം ഞെട്ടലോടെ തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അവയൊക്കെ. മദ്രാസ് സർവകലാശാലയിലെ എന്റെ ആത്മസുഹൃത്ത് ഡോ. പി.എം.ഗിരീഷിന്റെ സ്നേഹശാസനങ്ങളില്ലെങ്കിൽ ഈ പുസ്തകം ഉണ്ടാകുമായിരുന്നില്ല. സർഗാത്മകവും വൈജ്ഞാനികവുമായ എന്റെ അന്വേഷണങ്ങളിലെ അത്താണിയും വഴികാട്ടിയുമാണു ഗിരീഷ്. ഇതിത്രയും പെട്ടെന്നു പുസ്തകരൂപത്തിൽ മിഴിവുനേടുന്നതു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശികകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്. കൃഷ്ണകുമാറിന്റെ സ്നേഹപൂർണമായ നിർബന്ധം കൊണ്ടുമാത്രവുമാണ്. ഇവരോടുള്ള സ്നേഹത്തിനായി വാക്കുവിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ഇത്തരമൊരു വിഷയം അവതരിപ്പിക്കപ്പെടുക എന്റെ സ്വപ്നമായിരുന്നു. അതു യാഥാർഥ്യമാക്കിയതിനു ഡയറക്ടർ ഡോ. എം. ആർ. തമ്പാനോടുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

പച്ചപ്പു നിറവിന്റേയും ഉണർവിന്റേയും സൂചനയാണ്; ഓർമയുടേയും പ്രതീക്ഷയുടേയും സാന്ത്വനവുമാണ്. ഭാഷയിലും സാഹിത്യത്തിലും സംസ്കാരത്തിലും ഈ പച്ചപ്പു വരളാതെ കൊഴിയാതെ കൈമോശം വരാതിരിക്കാനായി, ചെറുത്തുനിൽപ്പിന്റെ പുതുകവചം പണിയേണ്ടതുണ്ട്. അതിനായി മലയാളി വായനക്കാരോടൊപ്പം ഈ പുസ്തകവും വീടുവിട്ടിറങ്ങുന്നു.

പാലക്കാട് **ടി. ശ്രീവത്സൻ**

30-06-2013

# ഉള്ളടക്കം


**ഭാഗം ഒന്ന്**

1. ഹരിതഭാഷാവിചാരത്തിന് ഒരാമുഖം 15
2. ഭാഷയും പാരിസ്ഥിതികതയും 21
3. പാരിസ്ഥിതിക രൂപിമവിജ്ഞാനം 31
4. ഗായാതത്വവും ഡെയ്സിലോകവും 36
5. ഹരിതവ്യാകരണം: പ്രസക്തിയും സാധ്യതകളും 39

**ഭാഗം രണ്ട്**

1. വ്യാകരണവും പ്രകൃതിദർശനവും 48
2. നിഘണ്ടുനിർമാണവും സുസ്ഥിര ഭാഷാസങ്കൽപ്പവും 67
3. പഴഞ്ചൊല്ലുകളും കടംകഥകളും ഹരിതവീക്ഷണത്തിൽ 74
4. പുതിയൊരു പച്ചമലയാളം 86